**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1786** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എം. വിൻസെന്റ്</td><td colspan="2">ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2016 മെയ് മാസത്തിലെയും 2024 ഡിസംബർ മാസത്തിലെയും കെ.എസ്.ആർ.ടി.സി.യുടെ ആകെ കടം എത്ര; വിശദമാക്കാമോ;</td><td>(എ)</td><td>2016 മെയ് മാസത്തിലെ ആകെ കടം ചുവടെ ചേർക്കുന്നു.<br><table><tr><td>ധനകാര്യ സ്ഥാപനങ്ങൾ</td><td>:</td><td>2636.37 കോടി രൂപ</td></tr><tr><td>സർക്കാർ വായ്പ</td><td>:</td><td>1611.58 കോടി രൂപ</td></tr><tr><td>ആകെ കടം</td><td>:</td><td>4247.95 കോടി രൂപ</td></tr></table><br>2024 ഡിസംബർ മാസത്തെ കെ.എസ്.ആർ.ടി.സി.യുടെ വായ്പ ബാധ്യത 16,206.01 കോടി രൂപയാണ്.<br>(തുക കോടി രൂപയിൽ)<br><table><tr><td>സർക്കാർ വായ്പ</td><td>13,359.37</td></tr><tr><td>കൺസോർഷ്യം</td><td>2,814.64</td></tr><tr><td>എസ്.ബി.ഐ. ഓവർഡ്രാഫ്റ്റ് വായ്പ</td><td>32.00</td></tr><tr><td>ആകെ</td><td>16,206.01</td></tr></table></td></tr>
<tr><td>(ബി)</td><td>കെ.എസ്.ആർ.ടി.സി-ക്ക് സാമൂഹിക ബാധ്യത (സോഷ്യൽ ഒബ്ലിഗേഷൻ) ആയിട്ട് എത്ര രൂപ സർക്കാർ നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ?</td><td>(ബി)</td><td>സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ വിവിധ വിഭാഗം ജനവിഭാഗങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിച്ച ഇനത്തിൽ 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ആകെ 1708.71 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടിയിനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടായ നഷ്ടം നാളിതുവരെയും സർക്കാർ റീ-ഇമ്പേഴ്സ് ചെയ്ത് നൽകിയിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ